പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2428 13.2.2013 ലെ മറുപടിക്ക്

സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്രതിവർഷം ചെലവാകുന്ന സ്വർണ്ണവും സ്വർണ്ണത്തിന്റെ സ്റ്റോക്കും ഇറക്കുമതി ചെയ്യപ്പെടുന്ന സ്വർണ്ണത്തിന്റെ കണക്കും തമ്മിൽ പൊരുത്തക്കേടുകളുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ ; | (എ) | പരിശോധിയ്ക്കാറുണ്ട് |
| (ബി) | സ്വർണ്ണക്കട ഉടമകൾ നൽകുന്ന കണക്കുകൾക്കപ്പുറം സ്വർണ്ണത്തിന്റെ സ്റ്റോക്കും കച്ചവടവും പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) | കട പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. |
| (സി) | യഥാർത്ഥത്തിൽ കേരളത്തിൽ കച്ചവടം ചെയ്യപ്പെടുന്ന സ്വർണ്ണത്തിന്റെ ടാക്സ് മാത്രം ശരിയായി പിരിച്ചെടുക്കാൻ സംവിധാനം ഉണ്ടായാൽ കേരളത്തിന് എത്ര റവന്യൂ വരുമാനം ലഭിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (സി) | യഥാർത്ഥത്തിൽ നടക്കുന്ന കച്ചവടത്തിന്റെ നികുതിയാണ് പിരിച്ചെടുത്ത് കൊണ്ടിരിക്കുന്നത് |
| (ഡി) | എന്തുകൊണ്ടാണ് ഇപ്രകാരമുള്ള നികുതി യഥാവിധി പിരിച്ചെടുക്കാത്തത് എന്ന് വ്യക്തമാക്കാമോ ? | (ഡി) | നികുതി യഥാവിധി പിരിച്ചെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ